"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - വടകര മുനിസിപ്പാലിറ്റിയിൽ ഇന്റേണൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നിലവിൽ സസ്പെൻഷനിൽ തുടരുന്ന വടകര മുനിസിപ്പാലിറ്റിയിലെ ഓവർസിയർ ശ്രീമതി അനിഷ പി. പി. സസ്പെൻഷൻ ഉത്തരവിനെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം സമർപ്പിച്ച അപ്പീൽ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യൂ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.3095/2025/LSGD തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-
1. പ്രിൻസിപ്പൽ ഡയറക്ടറുടെ 28.08.2025-ലെ LSGD/PD/25710/2025-VIGD6 നമ്പർ നടപടിക്രമം
2. ഓവർസീയർ ശ്രീമതി അനീഷ പി.പി. 03.10.2025 തീയതിയായി സമർപ്പിച്ച അപ്പീൽ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 04.11.2025-ലെ LSGD/PD/25710/2025-VIGD6 നമ്പർ കത്ത്

**ഉത്തരവ്**

വടകര നഗരസഭയിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ അഴിമതിയും ഗുരുതരമായ ക്രമക്കേടുകളും നടക്കുന്നതായി ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് പ്രകാരം ഇന്റേണൽ വിജിലൻസ് ഓഫീസർമാരും ഡെപ്യൂട്ടി ടൗൺപ്ലാനറും അടങ്ങിയ പരിശോധനാടീം വടകര നഗരസഭയിലെ എഞ്ചിനീയറിങ് വിഭാഗത്തിൽ നടത്തിയ പരിശോധനയിൽ വാണിജ്യകെട്ടിടങ്ങൾക്ക് Permit / Occupancy നൽകിയതിൽ നിരവധി ക്രമക്കേടുകളും ചട്ടലംഘനങ്ങളും കണ്ടെത്തി. തുടർന്ന്, നമ്പർ 2797581-2024 തീയതി 17.12.2024, നമ്പർ BA 466/23-24 എന്നീ ഫയലുകളിൽ വടകര നഗരസഭയിലെ ഓവർസീയർ ശ്രീമതി അനീഷ പി.പി. തെറ്റായ കുറിപ്പുകളെഴുതിയും വസ്തുതാവിരുദ്ധവും പരസ്പരവിരുദ്ധവുമായ കാര്യങ്ങൾ രേഖപ്പെടുത്തിയും ഗുരുതരചട്ടലംഘനം നടത്തുകയും ഫയലുകളിൽ നിക്ഷിപ്ത താല്പര്യത്തോടുകൂടി അനാവശ്യമായ കാലതാമസം വരുത്തുകയും ചെയ്തതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ടിയാളെ സസ്പെൻഡ് ചെയ്തുകൊണ്ട് പരാമർശം (1) പുറപ്പെടുവിച്ചു.

**2.** തന്നെ സസ്പെൻഡ്ചെയ്തുകൊണ്ടുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (1) നടപടിക്രമം റദ്ദാക്കണമെന്നും തന്നെ സർവിസിൽ പുനഃപ്രവേശിപ്പിക്കണമെന്നും ആവശ്യപ്പെട്ട് ഓവർസീയർ ശ്രീമതി അനീഷ പി.പി. 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം പരാമർശം (2)

അപ്പീൽ സർക്കാരിൽ സമർപ്പിച്ചു.

3. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്നാണ് സെക്കന്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി അനിഷ പി. പി.-യെ സസ്പെന്റ് ചെയ്ത് ഉത്തരവായിരുന്നതെന്നും തുടർന്നുനടന്ന വിശദമായ അന്വേഷണത്തിലും ടിയാൾക്കെതിരെ കൂടുതൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയിട്ടുള്ളതാണ് എന്നും ടിയാൾക്കെതിരെ 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം കുറ്റപത്രം നൽകി തുടർഅച്ചടക്കനടപടി സ്വീകരിക്കേണ്ടതുണ്ട് എന്നും പ്രസ്തുത സാഹചര്യത്തിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർ ശ്രീമതി അനിഷ പി.പി. തന്നെ സർവീസിൽ പുനപ്രവേശിപ്പിക്കുന്നതിനായി സമർപ്പിച്ച അപേക്ഷ നിരസിക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (3) പ്രകാരം അഭിപ്രായപ്പെട്ടു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിനശിക്ഷ നൽകേണ്ടതായ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്നാണ് നിയമനാധികാരിയായ പ്രിൻസിപ്പൽ ഡയറക്ടർ, ഓവർസിയർ ശ്രീമതി അനിഷ പി.പി.-യെ സർവീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളത് എന്നതിനാലും ടിയാൾക്കെതിരെയുള്ള ആരോപണങ്ങൾ അച്ചടക്കനടപടി മുഖാന്തരം അന്വേഷിച്ച് നടപടി സ്വീകരിക്കേണ്ടതുള്ളതിനാലും ഓവർസിയർ ശ്രീമതി അനിഷ പി.പി. (PEN-317541) 1960-ലെ കേരള സിവിൽ സർവീസസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം സമർപ്പിച്ച പരാമർശം (2) അപ്പീൽ നിരസിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUMI SANDIPIKA G MASTERLEY
അണ്ടർ സെക്രട്ടറി

1. ശ്രീമതി അനിഷ പി.പി. (PEN-317541), ഓവർസിയർ **(ത.സ്വ.ഭ.വ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)**
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്), കേരള
4. വെബ് & ന്യൂ മീഡിയ,വിവര പൊതുജനസമ്പർക്ക വകുപ്പ്
5. സ്റ്റോക്ക് ഫയൽ (EWA2/101/2025-LSGD)

ഉത്തരവിൻ പ്രകാരം

**Signed by Asha. R**
**Date: 29-12-2025 17:36:37**

സെക്ഷൻ ഓഫീസർ